# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 5**

---

## ഡോ. സാലി അഗസ്റ്റിന്റെ പ്രഭാഷണം നാളെ

*ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആഗോള തലത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെയും സാധ്യതകളെയുംകുറിച്ച് ജപ്പാനിലെ സോഫിയ സ്കൂൾ കോർപ്പറേഷൻ ചാൻസലറും സോഫിയ സർവകലാശാലയിലെ പ്രഫസറുമായ ഡോ. സാലി അഗസ്റ്റിൻ നാളെ(ഫെബ്രുവരി ഏഴ്) മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും.*

*ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, കെ.ആർ. നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് സോഷ്യൽ ജസ്റ്റീസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന ചടങ്ങ് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. ഐ.ക്യു.എസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് അധ്യക്ഷത വഹിക്കും.*

*എസ്.ഐ.ആർ.പി ഡയറക്ടർ പ്രഫ. സി. വിനോദൻ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് , ഡോ. കെ.ബി. സുബില തുടങ്ങിയവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1283/2025)*

## നഗര വികസന നയം; യുവതയുടെ ആശയങ്ങൾ തേടി മഹാത്മാ ഗാന്ധി സർവകലാശാല

*കേരളത്തിന്റെ നഗര വികസന നയരൂപീകരണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി യുവജനങ്ങളുടെ ആശയങ്ങൾ തേടുന്ന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാളെ(ഫെബ്രുവരി ഏഴ്) നടക്കും. സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില) അർബൻ പോളിസി സെൽ, യുണി*

*സെഫ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടി രാവിലെ പത്തിന് കൺ വർജൻസ് അക്കാദമിയ കോംപ്ലക്സിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ ഉദ്ഘാടനം ചെയ്യും.*

*ഏറ്റുമാനൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ലൗലി ജോർജ് അധ്യക്ഷത വഹി ക്കും. കേരള അർബൻ പോളിസി കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന 25 വർഷത്തെ നഗരവികസന നയത്തിൽ യുവജനങ്ങളുടെ കാഴ്ച്ചപ്പാടുകൾ ഉൾപ്പെടു ത്തുന്നതിനുള്ള ആദ്യ സംരംഭമാണിത്.*

*സാമൂഹ്യശാസ്ത്രം, സാങ്കേതികവിദ്യ, കല തുടങ്ങി വിവിധ മേഖലകളിൽനി ന്നുള്ള 200 യുവജനങ്ങൾ പങ്കെടുക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ത്തെക്കുറിച്ച് യുവതലമുറയിൽ അവബോധം വളർത്തുന്നതിനും പരിപാടി ലക്ഷ്യമി ടുന്നു.*

*(പി.ആർ.ഒ/39/1284/2025)*

## <u>കാൻസർ ദിനം; പ്രഭാഷണ പരിപാടി നടത്തി</u>

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സംഘടിപ്പിച്ച ലോക കാൻസർ ദിനാചരണം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റീസ് ഓഫ് ഇന്ത്യ ദക്ഷിണ മേഖലാ കോ-ഓർഡിനേറ്റർ ഡോ. ജീന ബാബുരാജ് സെർവിക്കൽ കാൻസറിനെക്കുറിച്ച് ബോധവത്കരണ ക്ലാസെടുത്തു.*

*സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ ഡോ. അനിത സി. കുമാർ അധ്യക്ഷത വഹിച്ചു. ഡോ. പി. അനീസ, ഡോ. കെ.ബി. സുബില എന്നിവർ പ്രസംഗിച്ചു.*

*(പി.ആർ.ഒ/39/1285/2025)*

## <u>വേണു രാജാമണിയുടെ പ്രഭാഷണം</u>

*അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ രണ്ടാമൂഴത്തിൽ ഇന്ത്യയുടെ പ്രതീക്ഷകളെക്കുറിച്ച് മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ വേണു രാജാമണി നാളെ( ഫെബ്രുവരി ഏഴ്) മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രഭാഷണം നടത്തും.*

*സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക് സിലെ(എസ്.ഐ.ആർ.പി) കെ.പി.എസ് മേനോൻ ചെയർ ഫോർ ഡിപ്ലോമാറ്റിക് സ്റ്റഡീസിൻറെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.*

*രാവിലെ 10. 30ന് എസ്.ഐ.ആർ.പി സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ മുൻ ഡയറക്ടർ ഡോ. എ.എം. തോമസ് അധ്യക്ഷത വഹിക്കും. ഡോ. ലിറാർ പുളിക്കലത്ത് ഏകോപനം നിർവഹിക്കും.*

*(പി.ആർ.ഒ/39/1286/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംസ്സി,എംകോം (2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അ്ഡമിഷനുകൾ അദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് മൂന്നു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് നാലു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും അപേക്ഷ സ്വീകരിക്കും.*

..................

*എം.ബി.ബി.എസ് വാർഷിക സ്കീം (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് 2010 ന് മുൻപുള്ള അഡ്മിഷനുകൾ) പരീക്ഷകൾക്ക് മാർച്ച് 10 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 11 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 12 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1287/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ലേണിംഗ് ഡിസെബിലിറ്റി ആന്റ് ഇന്റെലക്ചൽ ഡിസെബിലിറ്റി (2024 അഡ്മിഷൻ റെഗുലറും സപ്ലിമെന്ററിയും ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 12 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................................

*ഒന്നാം സെമസ്റ്റർ ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ് പിറ്റാലിറ്റി (പുതിയ സ്കീം 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ് മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2024) പ രീക്ഷയുടെ വൈവ വോസി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 10 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

..................

*മൂന്നാം സെമസ്റ്റർ ബിവോക്ക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2023 അഡമിഷൻ റ ഗുലർ, 2022 അഡമിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 അഡ്മിഷനുകൾ റീ*

*അപ്പിയറൻസ്-പുതിയ സ്കീം ഓക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 11ന് ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വിമെനിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1288/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**